**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5562** **13-08-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലകളിലെ വിനോദ സഞ്ചാര സാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലകളിലെ വിനോദ സഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വനത്തെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ? | (എ) | വനമേഖലകളിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും വനത്തെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ വനം വകുപ്പിന് കീഴിൽ 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രകൃതിക്ക് അനുയോജ്യമായ തരത്തിൽ പുനരുദ്ധരാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും, പശ്ചാത്തല സാകര്യങ്ങൾ മെച്ചപ്പെടുത്തിയും സന്ദർശകരെ ആകർഷിക്കുന്നതിലൂടെ വനമേഖലകളിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ വർദ്ധിക്കുന്നുണ്ട്. വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ (VSS/EDC) വഴി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ വിവിധ പ്രവർത്തനങ്ങളിൽ വനാശ്രിത ജനവിഭാഗങ്ങളെ നിയോഗിക്കുകയും അവർ ശേഖരിക്കുന്ന വനവിഭവങ്ങൾ വനശ്രീ, ഇക്കോ ഷോപ്പുകൾ വഴി വില്പന നടത്തിയും, കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM), Minimum Support Price for Minor Forest Produce (MSP for MFP), വൻ ധൻ വികാസ് യോജന (VDVY) തുടങ്ങിയ പദ്ധതികളിൽ പങ്കാളികളാക്കുന്നത് വഴിയും വനത്തെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ ഉപജീവനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ